# നിഷ്

## 2023-2024 ബിരുദ പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനം

**(ബധിരരും ശ്രവണപരിമിതിയുള്ളവരുമായ വിദ്യാർത്ഥികൾക്കുവേണ്ടി മാത്രം)**

**ബാച്ചിലർ ഓഫ് ഫൈൻ ആർട്സ് (എച്ച്.ഐ.)**

**ബാച്ചിലർ ഓഫ് കോമേഴ്സ് (എച്ച്.ഐ.)**

**ബാച്ചിലർ ഓഫ് സയൻസ് (കംപ്യൂട്ടർ സയൻസ്) (എച്ച്.ഐ.)**

(കേരള സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്തിരിക്കുന്നു)

# പ്രോസ്പെക്ടസ്


നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിങ് **(NISH)**

(കേരള സർക്കാരിന്റെ സാമൂഹ്യനീതി വകുപ്പിന് കീഴിലുള്ള ഒരു സ്വയംഭരണ സ്ഥാപനം)

Accredited as Excellent Institution by RCI | ISO 9001:2015 Certified | Accredited by NAAC with B++ Grade

ശ്രീകാര്യം പി.ഒ., തിരുവനന്തപുരം 695017, കേരള, ഇന്ത്യ

ഫോൺ: +91-471-2944-601, വെബ്സൈറ്റ്: www.nish.ac.in

പ്രവേശനം സംബന്ധിച്ച ഇ-മെയിൽ: admissions@nish.ac.in, വെബ് സൈറ്റ്: http://admissions.nish.ac.in

അഡ്മിഷൻ ഹെൽപ് ലൈൻ: +91-471-2944-635

# ഉള്ളടക്കം


| ക്രമ നമ്പർ | വിവരണം | പേജ് നമ്പർ |
|---|---|---|
| 1 | സ്ഥാപനം | 2 |
| 2 | പ്രോഗ്രാമുകൾ | 2 |
| 3 | സീറ്റുകളുടെ എണ്ണം | 2 |
| 4 | സീറ്റ് സംവരണം | 2 |
| 5 | ആർക്കൊക്കെ അപേക്ഷിക്കാം | 2 |
| 6 | അപേക്ഷിക്കേണ്ട രീതി | 3 |
| 7 | അപേക്ഷിക്കാനുള്ള അവസാന തീയതി | 3 |
| 8 | പ്രവേശനവുമായി ബന്ധപ്പെട്ട പ്രധാന തീയതികൾ | 4 |
| 9 | തിരഞ്ഞെടുക്കുന്ന വിധം | 4 |
| 10 | ഫീസ് ഘടന | 5 |
| 11 | പൊതു വിവരങ്ങൾ | 5 |
| 12 | പൊതു പെരുമാറ്റച്ചട്ടങ്ങൾ | 6 |
| 13 | മൂല്യനിർണ്ണയം, പരീക്ഷകൾ, ബിരുദദാനം | 6 |
| 14 | ഓൺലൈൻ ഗേറ്റ്‌വേയിലൂടെ ഫീസ് അടക്കുന്ന വിധം | 7 |

# നിഷ്

## നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച് ആൻഡ് ഹിയറിങ്

ശ്രീകാര്യം പി.ഒ., തിരുവനന്തപുരം **695017,** കേരള, ഇന്ത്യ

**1.** സ്ഥാപനം

കേരള സർക്കാരിന്റെ സാമൂഹികനീതി വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന അക്കാദമിക സ്ഥാപനമാണ് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച് ആന്റ് ഹിയറിങ് (നിഷ്). 1955-ലെ ട്രാവൻകൂർ കൊച്ചി ലിറ്റററി, സയന്റിഫിക് ആന്റ് ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് പ്രകാരം കേരള സർക്കാർ വക സൊസൈറ്റിയായി രജിസ്റ്റർ ചെയ്യപ്പെട്ടു. ഭിന്നശേഷിക്കാരുടെ ഉന്നമനത്തിനായി വിദ്യാഭ്യാസപരവും പുനരധിവാസപരവുമായ കർമ്മപരിപാടികൾ നടപ്പാക്കുകയും അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരികയും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് നിഷ് സ്ഥാപിതമായത്. ശ്രവണസംസാരപരിമിതികളിലാണ് തുടക്കത്തിൽ നിഷ് കൂടുതൽ ഊന്നൽ കൊടുത്തിരുന്നതെങ്കിലും ഇപ്പോൾ മറ്റു ഭിന്നശേഷികളിലേയ്ക്കും അതിന്റെ സേവനമേഖല വ്യാപിപ്പിച്ചിരിക്കുന്നു. ശ്രവണപരിമിതർക്ക് ഉന്നതവിദ്യാഭ്യാസം നല്കുന്നതിനും അവരുടെ സേവനത്തിനായി പ്രൊഫഷണലുകളെ വാർത്തെടുക്കുന്നതിനും സഹായിക്കുന്ന പ്രോഗ്രാമുകൾ നിഷിൽ നടത്തിവരുന്നു.

**2.** പ്രോഗ്രാമുകൾ

ബധിരരും ശ്രവണപരിമിതിയുള്ളവരുമായ വിദ്യാർത്ഥികൾക്കുവേണ്ടിയുള്ള ബിരുദ പ്രോഗ്രാമുകൾക്ക് വേണ്ടിയുള്ളതാണ് ഈ പ്രോസ്പെക്ടസ്. ബി.എസ്.സി. കംപ്യൂട്ടർ സയൻസ് (എച്ച്.ഐ.), ബാച്ചിലർ ഓഫ് കോമേഴ്സ് (എച്ച്.ഐ.), ബാച്ചിലർ ഓഫ് ഫൈൻ ആർട്സ് (എച്ച്.ഐ.) എന്നിവയാണ് ഈ ബിരുദ പ്രോഗ്രാമുകൾ. ഈ പ്രോഗ്രാമുകളെല്ലാം കേരള സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്തിരിക്കുന്നു. മേൽപ്പറഞ്ഞ പ്രോഗ്രാമുകളുടെ പാഠ്യപദ്ധതിയിൽ തിയറിയും പ്രാക്ടിക്കലും ഉൾപ്പെടുന്നു. പ്രാക്ടിക്കൽ സെഷനുകൾക്കാണ് കൂടുതൽ ഊന്നൽ കൊടുത്തിരിക്കുന്നത്. പ്രോഗ്രാം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് കേരള സർവ്വകലാശാല ബാച്ചിലർ ബിരുദം നൽകുന്നതാണ്. ബി.എസ്.സി. കംപ്യൂട്ടർ സയൻസ് (എച്ച്.ഐ.), ബി.കോം. (എച്ച്. ഐ.) പ്രോഗ്രാമുകളുടെ ചട്ടങ്ങളും, സ്കീമും, സിലബസ്സും അവസാനമായി പരിഷ്കരിച്ചത് 2019-ലാണ്, കൂടാതെ അവ ക്രെഡിറ്റ് അധിഷ്ഠിത സംവിധാനം പിന്തുടരുന്നു. ബി.എസ്.സി. കംപ്യൂട്ടർ സയൻസ് (എച്ച്.ഐ.), ബി.കോം. (എച്ച്. ഐ.) പ്രോഗ്രാമുകളുടെ കാലാവധി നാല് വർഷങ്ങളാണ് (എട്ട് സെമസ്റ്ററുകൾ). ബാച്ചിലർ ഓഫ് ഫൈൻ ആർട്സ്ന്-ന്റെ കാലാവധി അഞ്ച് വർഷങ്ങളാണ് (പത്ത് സെമസ്റ്ററുകൾ). ഒന്നാം വർഷം, രണ്ടു സെമസ്റ്ററുകൾ ഉൾപ്പെടുന്ന പ്രിപ്പറേറ്ററി വർഷമാണ്. എല്ലാ പ്രോഗ്രാമുകൾക്കും പൊതുവായുള്ള ഈ പ്രിപ്പറേറ്ററിയിൽ അടിസ്ഥാന ഗണിതം, ഇംഗ്ലീഷ്, ഇന്ത്യൻ സൈൻ ലാങ്ഗ്വിജ് എന്നീ വിഷയങ്ങൾ ഉണ്ടായിരിക്കും. ഏതെങ്കിലും ഒരു ബിരുദ പ്രോഗ്രാമിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥി പ്രിപ്പറേറ്ററി ഇയറിലെ എല്ലാ വിഷയങ്ങൾക്കും ജയിച്ചെങ്കിൽ മാത്രമേ ബിരുദ പ്രോഗ്രാമിന്റെ രണ്ടാം വർഷത്തെ തുടർപഠനത്തിന് അർഹത നേടുകയുള്ളൂ.

**3.** സീറ്റുകളുടെ എണ്ണം

ബി.എസ്.സി. കംപ്യൂട്ടർ സയൻസ് (എച്ച്.ഐ.), ബി.കോം. (എച്ച്. ഐ.) എന്നിവയ്ക്കുള്ള പരമാവധി സീറ്റുകൾ 30 വീതം ആണ്.
ബാച്ചിലർ ഓഫ് ഫൈൻ ആർട്സ്(എച്ച്.ഐ.)ക്കു 40 സീറ്റുകൾ ആണ്.

**4.** സീറ്റ് സംവരണം

ഓരോ പ്രോഗ്രാമുകളുടെയും ആകെ സീറ്റുകളുടെ ഇരുപത് ശതമാനം പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗക്കാർക്കു സംവരണം ചെയ്തിരിക്കുന്നു.

**5.** ആർക്കൊക്കെ അപേക്ഷിക്കാം

**5.1.** വികലാംഗരുടെ അവകാശ നിയമം അഥവ ആർ.പി.ഡബ്ല്യു.ഡി. നിയമം 2016-ൽ നിർവചിച്ചിരിക്കുന്നത് പ്രകാരം ബധിരർ / കേൾവി പരിമിതിയുള്ളവർക്ക് മാത്രമായി പ്രവേശനം പരിമിതപ്പെടുത്തിയിരിക്കുന്നു. "ബധിരർ" എന്നാൽ രണ്ട് ചെവികളിലും സംസാര ആവൃത്തിയിൽ 70 ഡിബി കേൾവിക്കുറവുള്ളവരും, "കേൾവിപരിമിതി" എന്നാൽ രണ്ട് ചെവികളിലും സംസാര ആവൃത്തിയിൽ 60 മുതൽ 70 ഡിബി വരെ കേൾവിക്കുറവുള്ളവരും ആണ്.

**5.2.** നിഷിലെ ഡിഗ്രി (എച്ച്.ഐ.) പ്രോഗ്രാമുകളിലേക്കു പ്രവേശനം തേടുന്ന വിദ്യാർത്ഥികൾ ഇന്ത്യയിലെ ഒരു സംസ്ഥാനത്തെ ഏതെങ്കിലും ഒരു സ്കീമിന്റെ പ്ലസ്ടു അഥവ ഹയർസെക്കൻഡറി പരീക്ഷയോ അല്ലെങ്കിൽ അതിന് തുല്യമായി കേരള സർവകലാശാല അംഗീകരിച്ച ഒരു പരീക്ഷയോ (ഇന്ത്യയിൽ നിന്നോ വിദേശത്ത് നിന്നോ) വിജയിച്ചിരിക്കണം.

**5.3.** ഒന്നിലധികം വൈകല്യങ്ങളുള്ള (മൾട്ടിപ്പിൾ ഡിസെബിലിറ്റീസ് ഉള്ള) വിദ്യാർത്ഥികളെ അതായത് ബധിരതയോടുകൂടിയ ബൗദ്ധികവൈകല്യം അല്ലെങ്കിൽ ഓട്ടിസത്തോടുകൂടിയ ബധിരത അല്ലെങ്കിൽ കാഴ്ചവൈകല്യത്തോടുകൂടിയ ബധിരത തുടങ്ങിയവ, ഇവയുടെ സംയോജനം കഠിനമായ വിദ്യാഭ്യാസ ആവശ്യങ്ങൾ ഉൾക്കൊള്ളുന്നതിനാൽ പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനത്തിനായി പരിഗണിക്കുന്നതല്ല.

**5.4.** പ്രായപരിധി

നിഷിലെ ഡിഗ്രി (എച്ച്.ഐ.) പ്രോഗ്രാമുകളിലേക്കു പ്രവേശനത്തിനുള്ള പരമാവധി പ്രായപരിധി (2023 ജൂൺ 1-ന്) (കേരള സർവ്വകലാശാലയുടെ മാനദണ്ഡങ്ങൾ അനുസരിച്ച്)

എസ്സി/എസ്ടി - 30 വയസ്സ്.

മറ്റുള്ളവർക്ക് - 28 വയസ്സ്.

6. അപേക്ഷിക്കേണ്ട രീതി

6.1. അപേക്ഷകർ **http://admissions.nish.ac.in** എന്ന വെബ്സൈറ്റിലൂടെ ഓൺലൈനായി അപേക്ഷിക്കണം.

6.2. നിഷ്-ൽ നിന്നുള്ള അറിയിപ്പുകൾ സ്വീകരിക്കുന്നതിനായി എല്ലാ അപേക്ഷകർക്കും ഇമെയിൽ ഐഡിയും മൊബൈൽ ഫോൺ നമ്പറും ഉണ്ടായിരിക്കണം. അപേക്ഷാഫാറത്തിൽ ഇവ രണ്ടും കൃത്യമായി ചേർത്തിരിക്കണം. തപാൽ വഴി യാതൊരു വിവരങ്ങളും അറിയിക്കുന്നതല്ല.

6.3. പൊതുവിഭാഗം, ഒ.ബി.സി. വിഭാഗം എന്നിവർക്ക് **150/-** രൂപയും പട്ടികജാതി / പട്ടികവർഗ്ഗത്തിൽപെട്ടവർക്ക് **75/-** രൂപയുമായിരിക്കും അപേക്ഷാ ഫീസ്.

6.4. ഫീസ് അടയ്ക്കുന്നതിലുണ്ടാകുന്ന ബാങ്ക്ചാർജ്ജുകൾ അപേക്ഷകർ തന്നെ വഹിക്കേണ്ടതാണ്.

6.5. അപേക്ഷാ ഫീസ് നിഷ്-ന്റെ വെബ്സൈറ്റിൽ (**www.nish.ac.in**) കൊടുത്തിട്ടുള്ള പേയ്മെന്റ് ഗേറ്റ്‌വേ മുഖേനയോ അല്ലെങ്കിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഏത് ബ്രാഞ്ചിലും, അവിടെ നിന്നും ലഭിക്കുന്ന ചെല്ലാൻ ഫാറം മുഖേനയോ അടയ്ക്കാവുന്നതാണ്. അക്കൗണ്ട് നമ്പർ **67224749979,** സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, ആക്കുളം, തിരുവനന്തപുരം, എന്ന നിഷ് അക്കൗണ്ടിൽ ഫീസടക്കണം. നിഷ്-ന്റെ അഡ്മിഷൻ വെബ്സൈറ്റായ **www.admissions.nish.ac.in**-ല് നിന്ന് ചെല്ലാൻ ഫാറം ഡൗൺലോഡ് ചെയ്യാവുന്നതുമാണ്. ഡൗൺലോഡ് ചെയ്ത ചെല്ലാൻ ഫാറത്തിൽ, പണമടയ്ക്കാനുള്ള നിഷ്-ന്റെ അക്കൗണ്ട് നമ്പർ രേഖപ്പെടുത്തിയിട്ടുണ്ട്. ബാങ്കിൽ നിന്നു ലഭിക്കുന്ന ചെല്ലാൻ നമ്പരും ഫീസടച്ചതിന്റെ വിശദാംശങ്ങളും അപേക്ഷാ ഫാറത്തിൽ കാണിച്ചിരിക്കണം.

6.6. ഇന്റർനെറ്റ് ബാങ്കിങ് സൗകര്യമുള്ളവർക്ക് **NEFT** ഇടപാടിലൂടെ നിഷ്ന്റെ ഫീസ് അക്കൗണ്ടിലേയ്ക്ക് പണം കൈമാറാവുന്നതാണ്. ഇത്തരത്തിൽ ഫീസടയ്ക്കുന്നതിനുള്ള അക്കൗണ്ട് നമ്പർ: **67224749979**, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, ആക്കുളം ബ്രാഞ്ച്, തിരുവനന്തപുരം: **IFSC** കോഡ് **SBIN 00070581** ആണ്. യുണീക്ക് ട്രാൻസാക്ഷൻ റഫറൻസ് (UTR) നമ്പറും തീയതിയും അപേക്ഷാ ഫാറത്തിൽ ചേർക്കേണ്ടതുണ്ട്.

6.7. അപേക്ഷകർ ഇന്റർവ്യൂവിനു ഹാജരാകുമ്പോൾ അപേക്ഷയുടെ പ്രിന്റൗട്ടും അസ്സൽ ചെല്ലാനോ, NEFT വഴി ഫീസടച്ചതിനുള്ള തെളിവോ കൊണ്ടുവരേണ്ടതാണ്.

6.8. എല്ലാ രേഖകളുടെയും അസ്സൽ ഇന്റർവ്യൂ സമയത്ത് ഹാജരാക്കേണ്ടതാണ്.

6.9. താഴെപ്പറയുന്ന ഏതെങ്കിലും കാരണത്താൽ അപേക്ഷ നിരസിക്കുന്നതിനുള്ള അധികാരം നിഷ്-ൽ നിക്ഷിപ്തമാണ്.

a. അപൂർണ്ണമായ അപേക്ഷാ ഫോറം.

b. അപേക്ഷയിൽ പറയുന്ന വിവരങ്ങളും ഹാജരാക്കിയിരിക്കുന്ന രേഖകളും തമ്മിൽ പൊരുത്തപ്പെടാതിരിക്കുക.

c. നിർദ്ദിഷ്ട ഫീസ് അടക്കാതിരിക്കുകയോ ഫീസടച്ചതിന് തെളിവ് ഹാജരാക്കുകയോ ചെയ്യാതിരിക്കുക.

d. അപേക്ഷകന് യോഗ്യതാ മാനദണ്ഡങ്ങൾ ഇല്ലാതിരിക്കുക.

e. വ്യാജമായതോ, തെറ്റായതോ ആയ വിവരങ്ങൾ നല്കുക.

6.10. വിദേശത്തുനിന്നുള്ള അപേക്ഷകർ അപേക്ഷസമർപ്പിക്കുന്നതിന്റെയും പ്രവേശന നടപടിക്രമങ്ങളുടെയും വിശദാംശങ്ങൾ അറിയുന്നതിനായി അഡ്മിഷൻ ഹെൽപ് ലൈനിൽ (+91-471-294-4635) ബന്ധപ്പെടേണ്ടതാണ്.

7. അപേക്ഷിക്കാനുള്ള അവസാന തീയതി

ഓൺലൈനായി അപേക്ഷിക്കേണ്ട അവസാന തീയതി ജൂൺ **28, 2023** ആണ്. മറ്റു പ്രധാന തീയതികൾ സെക്ഷൻ **8-**ല് കൊടുത്തിരിക്കുന്നു.

8. പ്രവേശനവുമായി ബന്ധപ്പെട്ട പ്രധാന തീയതികൾ

പ്രവേശനവുമായി ബന്ധപ്പെട്ട പ്രധാന തീയതികൾ താഴെ കൊടുത്തിരിക്കുന്നു. ഇവയിൽ എന്തെങ്കിലും മാറ്റമുള്ളപക്ഷം എസ്എംഎസ്സ്, ഇമെയിൽ എന്നിവ മുഖേന അക്കാര്യം അപേക്ഷകരെ അറിയിക്കുന്നതാണ്.

| ക്രമ നമ്പർ | വിവരണം | തീയതി |
|---|---|---|
| **1** | ഓൺലൈൻ അപേക്ഷ സമർപ്പണം ആരംഭിക്കുന്ന തീയതി | ജൂൺ **19, 2023 (**തിങ്കൾ**)** |
| **2** | ഓൺലൈൻ അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതി | ജൂൺ **28, 2023 (**ബുധൻ**)** |
| **3** | ഓൺലൈനായി ഫീസ് അടക്കാനുള്ള അവസാന തീയതി | ജൂൺ **30 , 2023 (**വെള്ളി**)** |
| **4** | എൻട്രൻസ് എക്സാമിന്റെ (DACE) തീയതി | ജൂലൈ **7, 2023 (**വെള്ളി**)**<br>(പേപ്പർ I, II & III: 9:30 am - 12:30 pm)<br>(ഡ്രോയിംഗിലെ അഭിരുചിപരീക്ഷ: 2-3 pm) |
| **5** | റാങ്ക്ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന തീയതി | ജൂലൈ **14, 2023 (**വെള്ളി**)** |
| **6** | പ്രവേശന ഇന്റർവ്യൂന്റെ തീയതി | ജൂലൈ **21, 2023 (**വെള്ളി**)** |
| **7** | ക്ലാസുകൾ ആരംഭിക്കുന്ന തീയതി | ജൂലൈ **24, 2023 (**തിങ്കൾ**)** അല്ലെങ്കിൽ<br>കേരള സർവകലാശാല പ്രഖ്യാപിക്കുന്നതനുസരിച്ച് |
| **8** | അഡ്മിഷൻ അവസാനിക്കുന്ന തീയതി | കേരള സർവകലാശാല പ്രഖ്യാപിക്കുന്നതനുസരിച്ച് |

9. തിരഞ്ഞെടുക്കുന്ന വിധം

9.1. ഡിഗ്രി (HI) പ്രോഗ്രാമിലേക്ക് പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ നിഷിൽ നടത്തുന്ന പ്രവേശന പരീക്ഷയായ ഡിഗ്രി അഡ്മിഷൻ കോംപീറ്റൻസി എക്സാമിനേഷൻ **(DACE)** എഴുതേണ്ടതുണ്ട്.

**9.2.** DACE-ൽ, എല്ലാ അപേക്ഷകർക്കും, ഇംഗ്ലീഷ്, മാത്തമാറ്റിക്സ്, ലോജിക്കൽ റീസണിംഗ് എന്നീ മൂന്ന് ഭാഗങ്ങളായി ഒരു പൊതു എഴുത്തുപരീക്ഷ ഉണ്ടായിരിക്കും.

**9.3.** ബി.എഫ്.എ. (എച്ച്.ഐ.) പ്രോഗ്രാമിൽ ചേരാൻ ആഗ്രഹിക്കുന്നവർ ഡ്രോയിംഗിലെ അഭിരുചി പരീക്ഷയ്ക്കും ഹാജരാകണം. ഈ അഭിരുചി പരീക്ഷയുടെ സ്കോർ വിജയമോ പരാജയമോ മാത്രമായിരിക്കും. ഡ്രോയിംഗിലെ അഭിരുചി പരീക്ഷയ്ക്ക് ഹാജരാകാത്തവരെ ബാച്ചിലർ ഓഫ് ഫൈൻ ആർട്സ് (എച്ച്.ഐ.) പ്രോഗ്രാമിലേക്കുള്ള പ്രവേശനത്തിന് പരിഗണിക്കുന്നതല്ല.

**9.4.** DACE പാറ്റേണും ദൈർഖ്യവും:

പേപ്പർ I - ഇംഗ്ലീഷ് (1 മണിക്കൂർ)
പേപ്പർ II - മാത്തമാറ്റിക്സ് (1 മണിക്കൂർ) } 3 മണിക്കൂർ (രാവിലെ)
പേപ്പർ III - ലോജിക്കൽ റീസണിംഗ് (1മണിക്കൂർ)

ഡ്രോയിംഗിലെ അഭിരുചി പരീക്ഷ: 1 മണിക്കൂർ (ഉച്ചയ്ക്ക്)

**9.5.** പ്രവേശന പരീക്ഷയ്ക്കോ അഭിമുഖത്തിനോ ഹാജരാകാത്തവർക്ക് ഡിഗ്രി പ്രോഗ്രാമുകളിൽ ചേരാൻ അർഹത ഉണ്ടായിരിക്കുന്നതല്ല.

**9.6.** പരീക്ഷയിൽ പങ്കെടുക്കുന്നവർ ഹാൾ ടിക്കറ്റ് ഡൗൺലോഡ് ചെയ്ത് പരീക്ഷാ സമയത്ത് ഹാജരാക്കാൻ അഭ്യർത്ഥിക്കുന്നു (അപേക്ഷാ ഫോമിൽ നൽകിയിരിക്കുന്ന ഇമെയിൽ ഐഡിയിലേക്ക് അയയ്ക്കുന്നതായിരിക്കും). ഹാൾ ടിക്കറ്റ് ഇല്ലാത്തവരെ പരീക്ഷയിൽ പങ്കെടുക്കാൻ അനുവദിക്കില്ല.

**9.7.** റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്ന രീതി:

i. ബാച്ചിലർ ഓഫ് സയൻസ് (കമ്പ്യൂട്ടർ സയൻസ്) (എച്ച്ഐ), ബാച്ചിലർ ഓഫ് കൊമേഴ്സ് (എച്ച്ഐ), ബാച്ചിലർ ഓഫ് ഫൈൻ ആർട്സ് (എച്ച്ഐ) എന്നിവയ്ക്ക് പ്രത്യേക റാങ്ക് ലിസ്റ്റുകൾ ഉണ്ടാകും.

ii. DACE മാർക്കിന്റെ അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റുകൾ തയ്യാറാക്കും.

**9.8.** DACE-ൽ ലഭിച്ച മൊത്തം മാർക്കിൽ സമനിലയുണ്ടെങ്കിൽ, DACE-ൽ മാത്തമാറ്റിക്സ് പേപ്പറിൽ ഉയർന്ന മാർക്കുള്ളവർ റാങ്കിംഗിൽ ഉയർന്ന സ്ഥാനത്തെത്തും. തുടർന്നും സമനിലയുണ്ടെങ്കിൽ, DACE ലെ ലോജിക്കൽ റീസണിംഗ് പേപ്പറിൽ ഉയർന്ന മാർക്കുള്ളവർ റാങ്കിംഗിൽ ഉയർന്ന സ്ഥാനത്തെത്തും. ഇനിയും സമനിലയുണ്ടെങ്കിൽ, DACE-ൽ ഇംഗ്ലീഷ് പേപ്പറിൽ ഉയർന്ന മാർക്ക് നേടിയവർ റാങ്കിംഗിൽ ഉയർന്ന സ്ഥാനത്തെത്തും. പിന്നെയും സമനിലയുണ്ടെങ്കിൽ, ഉയർന്ന പ്രായമുള്ള അപേക്ഷകനെ പരിഗണിക്കുന്നതായിരിക്കും.

**9.9.** ഓൺലൈനായി അപേക്ഷിക്കുന്ന സമയത്ത് അതാത് പ്രോഗ്രാം തിരഞ്ഞെടുത്തിട്ടില്ലെങ്കിൽ, അഭിമുഖ സമയത്ത് റാങ്ക് ലിസ്റ്റിലെ അവരുടെ സ്ഥാനത്തെ അടിസ്ഥാനമാക്കി ഇഷ്ടമുള്ള പ്രോഗ്രാം തിരഞ്ഞെടുക്കാവുന്നതാണ്.

**9.10.** കേരള സർവ്വകലാശാലയുടെ മാനദണ്ഡങ്ങൾ അനുസരിച്ച് പ്രവേശനത്തിനുള്ള അവസാന തീയതി കഴിഞ്ഞാൽ, പിന്നീട് മറ്റൊരു പ്രോഗ്രാമിലേയ്ക്ക് മാറാൻ അനുവദിക്കുന്നതല്ല.

**10.** ഫീസ് ഘടന

**10.1.** ഇന്ത്യൻ പൗരന്മാർക്ക് ട്യൂഷൻ ഫീസ്, സെമസ്റ്ററിന് 6000/- രൂപയായിരിക്കും.

**10.2.** ഇതിനു പുറമെ പ്രവേശന സമയത്ത് വിദ്യാർത്ഥികൾ ബിരുദദാന ചടങ്ങിലേയ്ക്ക് 1000/- രൂപയും, കോഷൻ ഡെപ്പോസിറ്റായി 2000/- രൂപയും അടയ്ക്കേണ്ടതാണ്. ബിരുദപഠനം പൂർത്തി യാക്കിപ്പോകുമ്പോൾ കോഷൻ ഡെപ്പോസിറ്റ് മടക്കിനൽകുന്നതായിരിക്കും. ഒന്നാം വർഷത്തെ പ്രിപ്പറേറ്ററി പരീക്ഷയിൽ അടുപ്പിച്ച് രണ്ടു തവണയും തോല്ക്കുന്ന വിദ്യാർത്ഥികൾ, പ്രോഗ്രാമിൽ നിന്നും പുറത്താകുകയും, അവർക്ക് കോഷൻ ഡെപ്പോസിറ്റും, ബിരുദദാനചടങ്ങിലേയ്ക്ക് അടച്ച രൂപയും തിരികെ നൽകുന്നതായിരിക്കും.

**10.3.** സാർക്ക് രാജ്യങ്ങളിൽനിന്നുള്ള വിദേശ വിദ്യാർത്ഥികൾക്ക് 20,000/- രൂപയായിരിക്കും ഒരു സെമസ്റ്ററിലെ ട്യൂഷൻ ഫീസ്. മറ്റു രാജ്യങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികൾക്ക് ഇത് 30,000/- രൂപയായിരിക്കും.

**10.4.** പട്ടികജാതി / പട്ടികവർഗ്ഗ വിദ്യാർത്ഥികൾ ഫീസ് സൗജന്യത്തിന് അർഹരാണ്. . സാമ്പത്തികമായി പിന്നാക്കം നില്ക്കുന്ന OEC വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ, അവർക്കു കിട്ടിയ സീറ്റ് പട്ടികജാതി / പട്ടികവർഗ്ഗക്കാർ പ്രയോജനപ്പെടുത്താതെ പോയകാരണത്താൽ ലഭിച്ചതാണെങ്കിൽ, അവരും ഫീസ് സൗജന്യത്തിന് അർഹരായിത്തീരും. ഇത്തരത്തിൽ ഫീസ് സൗജന്യം അനുവദിക്കുന്നത് പട്ടികജാതി / പട്ടികവർഗ്ഗ വകുപ്പ് നിർദ്ദേശിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായിട്ടായിരിക്കും.

**10.5.** ട്യൂഷൻ ഫീസ് ഓരോ സെമസ്റ്ററിന്റെയും ആരംഭത്തിൽ അടക്കേണ്ടതാണ്. ആദ്യ 10 ദിവസങ്ങൾക്കകം ഫീസടയ്ക്കാത്തപക്ഷം ലേറ്റ് ഫീസ് ഈടാക്കുന്നതായിരിക്കും.

**10.6.** യൂണിവേഴ്സിറ്റി കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന പരീക്ഷഫീസും മറ്റു ഫീസുകളും വിദ്യാർത്ഥികൾ അടക്കേണ്ടതാണ്. ഒരിക്കൽ അടച്ച ഫീസ് ഒരു കാരണവശാലും മടക്കി നൽകുന്നതല്ല.

**10.7.** നിഷ്ന്റെ പ്രവേശന വെബ്സൈറ്റായ http://admissions.nish.ac.in-ൽ നിന്ന് അപേക്ഷകർക്ക് ബാങ്ക് ചെല്ലാൻ ഡൗൺലോഡ് ചെയ്ത് എടുക്കാം. ഇത്തരത്തിൽ ഡൗൺലോഡ് ചെയ്തെടുക്കുന്ന ചെല്ലാൻ ഫോമിൽ ഫീസടയ്ക്കേണ്ട നിഷ് അക്കൗണ്ടിന്റെ വിശദാംശങ്ങൾ ഉൾപെടുത്തിയുണ്ട്. ബാങ്കിൽ നിന്ന് ലഭിക്കുന്ന റഫറൻസ് നമ്പറും പണമടച്ചതിന്റെ മറ്റ് വിശദാംശങ്ങളും അപേക്ഷയിൽ ചേർക്കേണ്ടതാണ്.

**10.8.** ട്യൂഷൻ ഫീസും മറ്റ് ഫീസുകളും നിഷ് വെബ്സൈറ്റ് (www.nish.ac.in) പേയ്മെന്റ് ഗേറ്റ്‌വേ മുഖേനയോ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ (എസ്.ബി.ഐ.)-യുടെ ഏതെങ്കിലും ശാഖയിലൂടെ അവിടെ ലഭ്യമായ ചെല്ലാൻ ഉപയോഗിച്ചോ അടയ്ക്കാം. പണം അടയ്ക്കേണ്ട നിഷ് അക്കൗണ്ട് നമ്പർ **67224749979** എസ്.ബി.ഐ., ആക്കുളം, തിരുവനന്തപുരത്തേക്കാണ്.

**10.9.** പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾക്ക് കേന്ദ്രസർക്കാരിന്റെ സാമൂഹ്യനീതിശാക്തീകരണ മന്ത്രാലയം ഭിന്നശേഷിക്കാർക്ക് വേണ്ടി ഏർപ്പെടുത്തിയിരിക്കുന്ന നാഷണൽ സ്കോളർഷിപ്, എസ്.സി. / എസ്.ടി. സ്കോളർഷിപ്പ്, സാമൂഹികനീതിവകുപ്പിന്റെ സംസ്ഥാനതല സ്കോളർഷിപ്പ് എന്നിവയ്ക്ക് അപേക്ഷിക്കാവുന്നതാണ്. ഇവ അപേക്ഷിക്കുന്നതിന് വിദ്യാർത്ഥികൾക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നിഷിൽനിന്ന് നല്കുന്നതായിരിക്കും.

**10.10.** പ്രവേശന ഫീസ് റീഫണ്ട് ചെയ്യുന്നത് സർവ്വകലാശാല മാനദണ്ഡങ്ങളനുസരിച്ചായിരിക്കും.

**10.11.** പ്രവേശന തീയതി മുതൽ ഒരാഴ്ചയ്ക്കുള്ളിൽ അഡ്മിഷൻ ഫീസ് അടയ്ക്കുന്നതിൽ പരാജയപ്പെടുന്ന വിദ്യാർത്ഥികളുടെ പ്രവേശനം

റദ്ദാക്കപ്പെടും.

11. പൊതു വിവരങ്ങൾ

11.1. ഇന്റർവ്യൂവിന തിരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികളെ ഇ-മെയിൽ / SMS മുഖേന വിവരമറിയിക്കുന്നതാണ്. തപാൽവഴി അറിയിപ്പുകൾ ഉണ്ടായിരിക്കുന്നതല്ല.

11.2. പ്രവേശനസമയത്തോ, പിന്നീടെപ്പോഴെങ്കിലുമോ അപേക്ഷയിൽ നല്കിയിരിക്കുന്ന വിവരങ്ങൾ തെറ്റാണെന്ന ബോദ്ധ്യപ്പെട്ടാൽ വിദ്യാർത്ഥി/വിദ്യാർത്ഥിനിക്ക് അവരുടെ സീറ്റിന് അവകാശമില്ലാതാകുന്നതും പഠനം തുടർന്ന കൊണ്ടുപോകാൻ അവകാശം നഷ്ടപ്പെടുന്നതുമായിരിക്കും.

11.3. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട അപേക്ഷകർ സർവ്വകലാശാല നിർദ്ദേശിക്കുന്ന എല്ലാ രേഖകളുടെയും അസ്സൽ ഹാജരാക്കേണ്ടതാണ്. ഇക്കാര്യം റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവരെ അറിയിക്കുന്നതായിരിക്കും. ഇപ്രകാരം സർവ്വകലാശാല നിർദ്ദേശിക്കുന്ന രേഖകളുടെ അസ്സൽ ഹാജരാക്കാത്തപക്ഷം, അവർക്ക് പ്രവേശനത്തിനുള്ള അവകാശം നഷ്ടപ്പെടുന്നതാണ്. ഒരു കാരണവശാലും ഇന്റർവ്യൂ തീയതിയോ, സ്ഥലമോ മാറ്റുകയോ, സർവ്വകലാശാല നിർദ്ദേശിച്ചിട്ടുള്ള അസ്സൽ സർട്ടിഫി ക്കറ്റുകൾ ഹാജരാക്കുന്നതിന കൂടുതൽ സമയം അനുവദിക്കുകയോ ചെയ്യുന്നതല്ല.

11.4. നിശ്ചിത തീയതിയിൽ പ്രവേശനം എടുക്കാത്ത അപേക്ഷകർക്ക് അവരുടെ അലോട്ട്മെന്റ് നഷ്ടമാകും. ഒരു സാഹചര്യത്തിലും പിന്നീട് വീണ്ടും പ്രവേശനത്തിനായി അവരെ പരിഗണിക്കുന്നതല്ല.

11.5. പ്രവേശന പ്രക്രിയയിലെ എന്തു മാറ്റവും നിഷ് വെബ്സൈറ്റിൽ അപ്ഡേറ്റ് ചെയ്യും.

12. പൊതു പെരുമാറ്റച്ചട്ടങ്ങൾ

12.1. നിഷ്-ലെ പ്രോഗ്രാമുകളിൽ പ്രവേശിപ്പിക്കപ്പെടുന്ന എല്ലാ വിദ്യാർത്ഥികളും നിഷ്-ന്റെ എക്സിക്യൂട്ടീവ് ഡയറക്ടർ പുറപ്പെടുവിക്കുന്ന എല്ലാ നിയമങ്ങളും ചട്ടങ്ങളും പാലിക്കാൻ ബാദ്ധ്യസ്ഥരാണ്.

12.2. എല്ലാത്തരത്തിലുള്ള റാഗിങ്ങും കാമ്പസ്സിനുള്ളിൽ നിരോധിച്ചിരിക്കുന്നു. റാഗിങ് ക്ഷമിക്കേണ്ട വിഷയമല്ലെന്ന നയം നടപ്പാക്കിയിരിക്കുന്നതിനാൽ അത്തരത്തിലുള്ള ഏതു സംഭവവും ഉടൻ തന്നെ പോലീസിൽ റിപ്പോർട്ട് ചെയ്യുന്നതാണ്.

12.3. കാമ്പസ്സിനുള്ളിൽ ലൈംഗിക പീഡനം നിരോധിച്ചു കൊണ്ടുള്ള നയരേഖ നിലവിലുണ്ട്. ഈ നിയമം നടപ്പാക്കുന്നുണ്ടെന്ന ഉറപ്പാക്കാനും ലൈംഗികാതിക്രമങ്ങൾ തടയുന്നതിനുമായി രൂപവത്കരിച്ച സമിതിയാണ് "ഇന്റേണൽ കംപ്ലെയ്ന്റ്സ് കമ്മിറ്റി - നിഷ് (ICC-NISH)". കമ്മിറ്റിക്കു ലഭിക്കുന്ന പരാതിയിൽ ഉടനടി നടപടികളെടുക്കുന്നതായിരിക്കും.

12.4. പുകവലി, മദ്യപാനം, മറ്റ് ഏതെങ്കിലും വിധത്തിലുള്ള മയക്കുമരുന്നുകളുടെ ഉപയോഗം എന്നിവ കാമ്പസ്സിനുള്ളിൽ കർശനമായി നിരോധിച്ചിട്ടുണ്ട്. ഇതു ലംഘിക്കുന്നവർക്കെതിരെ യുക്തമായ അച്ചടക്ക നടപടികൾ ഉടൻതന്നെ സ്വീകരിക്കുന്നതാണ്.

12.5. വിദ്യാർത്ഥികൾ കെട്ടിടങ്ങളും പരിസരവും വൃത്തിയായി സൂക്ഷിക്കേണ്ടതും ഉപകരണങ്ങൾ ശ്രദ്ധയോടെ കൈകാര്യം ചെയ്യേണ്ടതുമാണ്. കെട്ടിടങ്ങൾക്കോ ഉപകരണങ്ങൾക്കോ ഏതെങ്കിലും തരത്തിലുള്ള തകരാറുകൾ വരുത്തുന്ന പക്ഷം അവ പരിഹരിക്കുന്നതിനുള്ള ചെലവ് ഉത്തരവാദികളായവരിൽ നിന്ന് ഈടാക്കുന്നതായിരിക്കും.

12.6. ക്ലാസ്സുകളോ പ്രാക്ടിക്കൽ സെഷനുകളോ ആരംഭിച്ചു കഴിഞ്ഞതിന ശേഷം വിദ്യാർത്ഥികൾ ക്ലാസ്സിൽ കയറാൻ പാടുള്ളതല്ല. ക്ലാസ്സിന്റെ ചുമതലയുള്ള ഫാക്കൽറ്റിയുടെ അനുവാദമില്ലാതെ ഒരു സെഷൻ വിട്ടുപോകാൻ ആരെയും അനുവദിക്കുന്നതല്ല.

12.7. എല്ലാ വിദ്യാർത്ഥികൾക്കും തിരിച്ചറിയൽ കാർഡ് നല്കുന്നതും അതിനു തന്നിട്ടുള്ള ടാഗിൽ കോർത്ത് കഴുത്തിൽ ധരിക്കേണ്ടതുമാകുന്നു. വിദ്യാർത്ഥികൾ ക്യാമ്പസ്സിലുള്ള സമയമത്രയും ഇതു ബാധകമായിരിക്കും. ഐ.ഡി. കാർഡ് നഷ്ടപ്പെടുകയോ കേടുപാടുകൾ സംഭവിക്കുകയോ ചെയ്താൽ ഫൈൻ ഈടാക്കി ഡ്യൂപ്ലിക്കേറ്റ് കാർഡ് നല്കുന്നതാണ്.

12.8. ആരോഗ്യ പരമായ കാരണങ്ങളാൽ മാത്രമേ ലീവ് അനുവദിക്കുകയുള്ളൂ. ഇത്തരത്തിൽ അനുവദിച്ച അവധികൾ മാത്രമേ മിനിമം ഹാജർ വ്യവസ്ഥ ഇളവുചെയ്യുന്നതിന് പരിഗണിക്കുകയുള്ളൂ.

13. മൂല്യനിർണ്ണയം, പരീക്ഷകൾ, ബിരുദദാനം

13.1. പ്രവേശനം ലഭിച്ച വിദ്യാർത്ഥികളെ ഓരോ സെമസ്റ്ററിലും തുടർച്ചയായി വിലയിരുത്തി ഗ്രേഡ് നിർണ്ണയിക്കും. ഇതിനു പുറമെ ഓരോ സെമസ്റ്ററിന്റെ അവസാനത്തിലും 'എൻഡ് സെമസ്റ്റർ' പരീക്ഷകൾ നടത്തുന്നതാണ്. സെമസ്റ്ററിലും സെമസ്റ്ററിന്റെ ഗ്രേഡിങ്ങിനായി നടത്തുന്ന പരീക്ഷയിലും നേടുന്ന ഗ്രേഡ് ആ സെമസ്റ്ററിലെ അവസാന ഗ്രേഡിങ്ങിനായി പരിഗണിക്കുന്നതായിരിക്കും

13.2. പ്രിപ്പറേറ്ററി ഇയർ: ആദ്യത്തെ രണ്ട് സെമസ്റ്ററുകൾ പ്രിപ്പറേറ്ററി സെമസ്റ്ററുകളാണ്. ഇതിനു തയ്യാറെടുപ്പുവർഷം അഥവാ പ്രിപ്പറേറ്ററി ഇയർ എന്നു പറയുന്നു. പ്രിപ്പറ്റേറി സെമസ്റ്ററുകളിലെ എല്ലാ വിഷയങ്ങളിലും ജയിക്കുന്നവർ മാത്രമേ മൂന്നാം സെമസ്റ്ററിലേക്കു രജിസ്റ്റർ ചെയ്യാൻ യോഗ്യരാകുകയുള്ളൂ. പ്രിപ്പറേറ്ററി പരീക്ഷയിൽ രണ്ടു തവണ തോല്ക്കുന്ന വിദ്യാർത്ഥികൾ, പ്രോഗ്രാമിൽ നിന്നും പുറത്താകും (നിർബന്ധിത പാസ് ആവശ്യമാണ്), എല്ലാ പ്രോഗ്രാമുകൾക്കും പ്രിപ്പറേറ്ററി സെമസ്റ്ററുകൾ പൊതുവെയുള്ളതായിരിക്കും. എങ്കിലും പ്രിപ്പറേറ്ററി സെമസ്റ്ററുകളിലെ പ്രകടനം ഡിഗ്രി നൽകുന്നതിനുള്ള അന്തിമ ഗ്രേഡിങ്ങിൽ പരിഗണിക്കുന്നതായിരിക്കില്ല.

13.3. ബി.എസ്.സി. കംപ്യൂട്ടർ സയൻസ് (എച്ച്.ഐ.): ഓരോ സെമസ്റ്ററിലും ഓരോ വിഷയത്തിനും മൂന്ന് കണ്ടിന്യൂസ് അസ്സെസ്സ്മെന്റുകൾ (CA) വീതമുണ്ടാകും. ഇവയിൽ ഏറ്റവും മെച്ചപ്പെട്ട രണ്ടു അസ്സസ്സ്മെന്റുകൾ ആണ് കണക്കിലെടുക്കുക. ഒറ്റ സെമസ്റ്ററുകളിലെ (മൂന്ന്, അഞ്ച്, ഏഴ് സെമസ്റ്ററുകൾ) പരീക്ഷകൾ സ്ഥാപനത്തിന്റെ മേധാവി / കോളേജ് പ്രിൻസിപ്പൽ നടത്തുന്നതാണ്. ഇതിന്റെ മാർക്കുകൾ പ്രോഗ്രാം പൂർത്തിയാക്കുമ്പോൾ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുകയും ഏകീകൃത മാർക്ക് ലിസ്റ്റിൽ ഉൾക്കൊള്ളിക്കുന്നതുമാണ്. ഇരട്ട സെമസ്റ്ററുകളിലെ (നാല്, ആറ്, എട്ട് സെമസ്റ്ററുകൾ) പരീക്ഷകൾ കേരള യൂണിവേഴ്സിറ്റി നടത്തുന്നതായിരിക്കും. ബിരുദം നൽകുന്നതിന് വിദ്യാർത്ഥികൾ കുറഞ്ഞത് 120 ക്രെഡിറ്റുകളെങ്കിലും നേടേണ്ടതുണ്ട്.

13.4. ബാച്ചിലർ ഓഫ് കോമേഴ്സ് (എച്ച്.ഐ.): ഓരോ സെമസ്റ്ററിലും ഓരോ വിഷയത്തിനും മൂന്ന് കണ്ടിന്യൂസ് അസ്സെസ്സ്മെന്റുകൾ (CA) വീതമുണ്ടാകും. ഇവയിൽ ഏറ്റവും മെച്ചപ്പെട്ട രണ്ടു അസ്സസ്സ്മെന്റുകൾ ആണ് കണക്കിലെടുക്കുക. ഒറ്റ സെമസ്റ്ററുകളിലെ (മൂന്ന്, അഞ്ച്, ഏഴ് സെമസ്റ്ററുകൾ) പരീക്ഷകൾ സ്ഥാപനത്തിന്റെ മേധാവി / കോളേജ് പ്രിൻസിപ്പൽ നടത്തുന്നതാണ്. ഇതിന്റെ മാർക്കുകൾ പ്രോഗ്രാം പൂർത്തിയാക്കുമ്പോൾ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുകയും ഏകീകൃത മാർക്ക് ലിസ്റ്റിൽ ഉൾക്കൊള്ളിക്കുന്നതുമാണ്. ഇരട്ട

സെമസ്റ്ററുകളിലെ (നാല്, ആറ്, എട്ട് സെമസ്റ്ററുകൾ) പരീക്ഷകൾ കേരള യൂണിവേഴ്സിറ്റി നടത്തുന്നതായിരിക്കും. ബിരുദം നൽകുന്നതിന് വിദ്യാർത്ഥികൾ കുറഞ്ഞത് 120 ക്രെഡിറ്റുകളെങ്കിലും നേടേണ്ടതുണ്ട്.


**13.5.** ബാച്ചിലർ ഓഫ് ഫൈൻ ആർട്സ് **(എച്ച്.ഐ.):** ഓരോ സെമസ്റ്ററിലെയും ഓരോ വിഷയത്തിനും രണ്ട് ഇന്റേണൽ അസ്സസ്സ്മെന്റുകൾ (IA) വീതമുണ്ടാകും. നാലും, ആറും, എട്ടും, പത്തും സെമസ്റ്ററുകളിലെ പരീക്ഷകൾ യൂണിവേഴ്സിറ്റി നടത്തുന്നതാണ്. മൂന്ന്, അഞ്ച്, ഏഴ്, ഒൻപത് സെമസ്റ്ററുകളിലെ പരീക്ഷകൾ സ്ഥാപനത്തിന്റെ മേധാവി / കോളേജ് പ്രിൻസിപ്പൽ നടത്തുന്നതും അവയുടെ മാർക്ക് പ്രോഗ്രാം പൂർത്തിയാക്കുമ്പോൾ വിദ്യാർത്ഥികൾക്കു വിതരണം ചെയ്യുകയും ഏകീകൃത മാർക്ക് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതുമാണ്.

**13.6.** വിദ്യാർത്ഥികൾ പ്രോഗ്രാം വിജയകരമായി പൂർത്തിയാക്കി കഴിയുമ്പോൾ കേരള യൂണിവേഴ്സിറ്റി അവർക്ക് ബിരുദം നല്കുന്നതാണ്.


**13.7.** മുകളിൽ പറഞ്ഞകാര്യങ്ങളിൽ ഏതെങ്കിലും വിഷയം വിശദമായി പ്രതിപാദിക്കാതെ പോയിട്ടുണ്ടെങ്കിൽ അവയിൽ നിഷ് എക്സിക്യൂട്ടീവ് ഡയറക്ടർ തീർപ്പുകല്പിക്കുന്നതും ആ തീരുമാനം അന്തിമവുമായിരിക്കും.

**14.** ഓൺലൈൻ ഗേറ്റ്‌വേയിലൂടെ ഫീസ് അടക്കുന്ന വിധം


**Step 1:** ആദ്യം, www.nish.ac.in സന്ദർശിക്കുക.





**Step 2:** അടുത്തത്, "PAY ONLINE"ക്ലിക്ക് ചെയ്യുക.





**Step 3:** അടുത്തത്, APPLICATION FEE/ COURSE FEE സെലക്റ്റ് ചെയ്യുക.





**Step 4:** അടുത്തത്, ആവശ്യമുള്ള വിവരങ്ങൾ പൂരിപ്പിക്കുക.





**Step 5:** അടുത്തത്, SQUARE BOX - സമചതുരം ക്ലിക്ക് ചെയ്യുക.





**Step 6:** അടുത്തത്, "MAKE PAYMENT" ക്ലിക്ക് ചെയ്യുക.





**Step 7:** അടുത്തത്, ക്രെഡിറ്റ് കാർഡ് അഥവാ ഡെബിറ്റ് കാർഡ് നമ്പറും മാസവും, തീരുന്ന തീയതിയും (Date of Expiry) സി.വി.വി. (CVV) നമ്പറും പൂരിപ്പിക്കുക.





**Step 8:** അടുത്തത്, "MAKE PAYMENT"ക്ലിക്ക് ചെ യ്യുക




**Step 9:** അടുത്തത്, ഒരു പ്രാവശ്യം മാത്രം ഉപയോഗിക്കുന്ന പാസ്സ്‌വേർഡ് (OTP) പൂരിപ്പിക്കുക.




**Step 10:** അടുത്തത്, "MAKE PAYMENT"ക്ലിക്ക് ചെയ്യുക.




***പ്രോസ്പെക്ടസിൽ എന്തെങ്കിലും പൊരുത്തക്കേട് ഉണ്ടായാൽ, ഇംഗ്ലീഷ് പതിപ്പ് അന്തിമമായി പരിഗണിക്കും.**

..........

# NISH

## Admission to Degree (HI) Programmes 2023-2024

(For Deaf and Hard of Hearing Candidates only)

**Bachelor of Fine Arts (HI)**
**Bachelor of Commerce (HI)**
**Bachelor of Science (Computer Science) (HI)**

(Affiliated to the University of Kerala)

# PROSPECTUS


**NATIONAL INSTITUTE OF SPEECH & HEARING (NISH)**

(An autonomous organisation under the Social Justice Department, Government of Kerala)

Accredited as Excellent Institution by RCI | ISO 9001:2015 Certified | Accredited by NAAC with B++ Grade

NISH Road, Sreekaryam PO, Thiruvananthapuram- 695017, Kerala, India
Tel: +91-471-2944-601; Website: www.nish.ac.in
Admissions Email: admissions@nish.ac.in, Admissions Website:http://admissions.nish.ac.in
Admissions Helpline: +91-471-2944-635

# CONTENT


| | | |
|---|---|---|
| 1 | THE INSTITUTION | 2 |
| 2 | THE PROGRAM | 2 |
| 3 | NUMBER OF SEATS | 2 |
| 4 | RESERVATION OF SEATS | 2 |
| 5 | WHO CAN APPLY? | 2 |
| 6 | HOW TO APPLY? | 3 |
| 7 | LAST DATE OF SUBMISSION OF APPLICATION | 3 |
| 8 | IMPORTANT DATES | 4 |
| 9 | METHOD OF SELECTION | 4 |
| 10 | FEE STRUCTURE | 5 |
| 11 | GENERAL INFORMATION | 5 |
| 12 | GENERAL CODE OF CONDUCT | 6 |
| 13 | EVALUATION, EXAMINATION AND ISSUING OF DEGREE | 6 |
| 14 | STEPS TO PAY THE FEES THROUGH THE ONLINE GATEWAY | 7 |

# NISH

## NATIONAL INSTITUTE OF SPEECH & HEARING

**THIRUVANANTHAPURAM, KERALA, INDIA**

1. **THE INSTITUTION**

   The National Institute of Speech & Hearing (NISH) is an academic institution under the Ministry of Social Justice, Government of Kerala. It has been established as a society of the Government of Kerala registered under Travancore–Cochin Literary, Scientific and Charitable Societies Registration Act, 1955. NISH has been set up with the primary aim of taking up educational and rehabilitation programmes necessary for integrating individuals with disabilities. The initial focus was on hearing and speech impairment. As the NISH operations expanded, the focus got extended to include other disabilities. NISH conducts programmes both for professional preparation and also for the higher education of people with disabilities with the degree awarded by the University of Kerala.

2. **THE DEGREE (HI) PROGRAMMES**

   This prospectus is for the Degree (HI) programmes which are exclusively for persons who are Deaf and Hard of Hearing. The programmes offered are **Bachelor of Science (Computer Science) (HI), Bachelor of Commerce (HI) and Bachelor of Fine Arts (HI)**, affiliated to the University of Kerala.

   The curriculum for the above programmes consists of theory as well as practical with more emphasis given to practical sessions. Upon successful completion of the programme, the candidates will be awarded a Bachelor's Degree in their respective subjects by the University of Kerala. The Regulations, Scheme and Syllabi for the B.Sc. (Computer Science) (HI) and B.Com. (HI) programs have been last revised in 2019 and follow the credit-based system. **The duration of B.Sc. (ComputerScience) (HI) and B.Com. (HI) is four years having eight semesters.** The **Bachelor of Fine Arts (HI) is a 5-year programme having ten semesters.** The first year (having two semesters) of all the programmes is the Preparatory Year which focuses exclusively on Basic Mathematics, Communicative English and Indian Sign Language (ISL). A student admitted to a programme is required to pass all the subjects in the first year to be eligible to continue through to the second year of the programme.

3. **NUMBER OF SEATS**

   The maximum number of seats for B.Sc. Computer Science (HI) and B.Com. (HI) each is 30.
   The maximum number of seats for BFA (HI) is 40.

4. **RESERVATION OF SEATS**

   Twenty percent of the total number of seats in each programme shall be reserved for students belonging to the Scheduled Castes and Scheduled Tribes [SC/ST].

5. **WHO CAN APPLY?**

   **5.1.** Admission is restricted to candidates who are deaf/hard of hearing as defined in the "Rights of Persons With Disabilities (RPWD) Act, 2016. "Deaf" means having 70 dB hearing loss in speech frequencies in both ears. "Hard of Hearing" means having 60 to 70 dB hearing loss in speech frequencies in both ears.

   **5.2.** Candidates seeking admission to **<u>the three Degree (HI) programmes offered in NISH</u>** should have passed the Plus Two / Higher Secondary examination of **<u>any stream</u>** of a State or an examination either from India or abroad as accepted by the University of Kerala as

equivalent thereto.

**5.3.** Candidates with multiple disabilities such as intellectual disability with deafness or deafness with autism or deafness with visual impairment, etc., the combination of which would require severe educational needs, cannot be considered for admission to the programmes.

**5.4.** Age limit of the Candidate: The maximum age limit for admission to the degree programmes as of June 1, 2023, should be as follows (as per the norms put forth by the University of Kerala):
For SC/ST candidates - 30 years.
For others - 28 years.

## 6. HOW TO APPLY?

**6.1.** Candidates should apply online through the website **http://admissions.nish.ac.in**

**6.2.** All applicants should have an email id and a mobile phone number in which notifications can be received. This should be entered correctly in the application form. No paper notifications through postal mail will be sent.

**6.3.** The application fee is Rs.150/- for General and OBC candidates and Rs.75/- for SC/ST candidates.

**6.4.** The bank charges for remitting the fee should be borne by the candidate.

**6.5.** Payment of the application fee can be made through the Online payment gateway on the NISH website (**www.nish.ac.in**) or at any branch of the State Bank of India (SBI) using a challan form available at all SBI branches. Payment should be made to the NISH Account No. **67224749979** at SBI, Akkulam, Thiruvananthapuram. The candidate can also download the challan form from the NISH Admissions page on our website (**admissions.nish.ac.in**). The downloaded bank challan will have the details of the NISH Account to which the application fee has to be remitted. The reference number obtained from the bank and the remittance details should be entered in the application form.

**6.6.** Those who have an internet banking facility can remit the fees via NEFT transaction to "NISH FEE ACCOUNT," State Bank of India, Akkulam Branch, Account No: **67224749979** with IFSC Code **SBIN0070581**. Please note down the Unique Transaction Reference (UTR) number and the date as this will have to be entered in the application form.

**6.7.** The candidates are advised to bring the original challan/proof of NEFT/online transaction when they come for the interview.

**6.8.** Original documents should be produced when called for the interview.

**6.9.** NISH reserves the right to reject the application of the candidate, if:

a. The application is incomplete in any aspect.
b. The details in the application form do not match the supporting document.
c. The required fee is not remitted in the given time or the proof thereof is not attached.
d. The candidate fails to satisfy the eligibility criteria.
e. Any false or incorrect information is furnished.

**6.10.** Foreign candidates need to contact the Admissions Helpline (+91-471-294-4635) for details of submitting the application and the admission process.

## 7. LAST DATE OF SUBMISSION OF APPLICATION

The last date for submitting the online application will be **June 28, 2023.** Other important dates are listed under Section 8.

## 8. IMPORTANT DATES

The following are the important dates with regard to admission. Any change will be notified through SMS and email to all relevant applicants.

| No. | Description | Date |
|---|---|---|
| 1 | Date of Submission of Online Application | **June 19, 2023, Monday** |
| 2 | Last Date of Submission of Online Application | **June 28, 2023, Wednesday** |
| 3 | Last Date to Remit Application Fees Online | **June 30, 2023, Friday** |
| 4 | Date of Entrance Exam (DACE) | **July 7, 2023, Friday**<br>Paper I, II & III (9:30 am - 12:30 pm)<br>Aptitude Test in Drawing (2-3 pm) |
| 5 | Date of Publication of Rank List | **July 14, 2023, Friday** |
| 6 | Date of Interview for Admission | **July 21, 2023, Friday** |
| 7 | Date of Commencement of Classes | **July 24, 2023, Monday or**<br>**As per the University of Kerala** |
| 8 | Date of Closure of Admission | **As per the University of Kerala** |

## 9. METHOD OF SELECTION

**9.1.** All candidates seeking admission to the Degree (HI) programmes shall appear for the **Degree Admission Competency Examination (DACE)** conducted at NISH.

**9.2.** In DACE, for all the applicants, there will be one common written test in three parts – **English, Mathematics** and **Logical Reasoning**.

**9.3.** Candidates desirous of being considered for the **Bachelor of Fine Arts (HI) [BFA (HI)]** programme should also appear for an **Aptitude Test in Drawing**. The aptitude test score will only be a Pass or Fail. Candidates who do not take the Aptitude Test in Drawing shall not be considered for admission to the Bachelor of Fine Arts (HI) programme.

**9.4.** **DACE Pattern & Duration:**

Paper I – English (1 hr)
Paper II – Mathematics (1 hr)
Paper III – Logical Reasoning (1 hr)
} 3 hours **in the morning**
Aptitude Test – Drawing (1 hr) **in the afternoon**

**9.5.** A candidate **NOT** appearing in any one of the papers in the DACE Examination or the interview shall be disqualified and **WILL NOT** be considered in the rank list for admission.

**9.6.** Candidates shall download the hall ticket which will be sent to the email id given in the application form and produce it at the time of the examination. Candidates without hall tickets will not be permitted to attend the exam.

**9.7.** Preparation of Rank Lists:

(a) There will be separate rank lists for **Bachelor of Science (Computer Science) (HI), Bachelor of Commerce (HI)** and **Bachelor of Fine Arts (HI)**.

(b) The rank lists will be prepared on the basis of the marks scored in DACE.

**9.8.** In the case of a tie in the total marks obtained in DACE, candidates with higher marks in the Mathematics paper in DACE will be placed higher in the ranking. If there is still a tie, candidates with higher marks in the Logical Reasoning paper in DACE will be placed higher in the ranking. If there is still a tie, candidates with higher marks in the English paper in DACE will be placed higher in the ranking. If there is still a tie, the age of the candidate will be taken into account with the older candidate placed higher in ranking.

**9.9.** Candidates, based on their position in the rank list, can choose a programme at the time of the interview **unless they had opted for the same while applying online.**

**9.10.** **Once the admissions are closed as instructed by the University of Kerala, no change of**

**programme shall be permitted.**

## 10. FEE STRUCTURE

**10.1.** The tuition fee for Indian nationals is Rs. 6000/- per semester.

**10.2.** Additionally, students must remit Rs. 1000/- towards the Graduation Ceremony and a refundable caution deposit of Rs. 2000/- at the time of admission. If the student fails to pass the first year even after two successive attempts, he/she shall be terminated from the programme and the caution deposit and graduation ceremony fees will be refunded.

**10.3.** For foreign applicants from SAARC nations, the tuition fee per semester is Rs.20,000/- and for those from other nations, it is Rs.30,000/-.

**10.4.** SC and ST candidates are eligible for fee concession and are exempted from payment of tuition fees at the time of admission. Candidates belonging to OEC will be exempted from payment of fees for the seats not availed, if any, under SC/ST quota, in the order of their position on the rank list for admission. The norms set by the SC/ST Department will be followed to be considered for fee concession.

**10.5.** Tuition fees shall be paid at the beginning of each semester. Late charges will be applicable if the fee is remitted after the first 10 working days of the semester.

**10.6.** Candidates admitted to the degree programmes will have to pay the examination fee and other fees as prescribed by the University from time to time. Fees once paid will not be refunded under any circumstances.

**10.7.** Applicants can also download the challan form from the NISH admissions website **http://admissions.nish.ac.in**. The downloaded bank challan will have the NISH Account details to which the application fee has to be transferred. The reference number obtained from the bank and the remittance details should be entered in the application form.

**10.8.** Tuition fees and other fee payments can be made through the online payment gateway on the NISH website (**www.nish.ac.in**) or at any branch of the State Bank of India (SBI) using a challan form available at all SBI branches. Payments should be made to the NISH Account No: **67224749979** at SBI, Akkulam, Trivandrum.

**10.9.** The admitted candidates can apply for the National Scholarship for Persons with Disabilities by the Ministry of Social Justice and Empowerment, Government of India, SC/ST Scholarship and the State-Level Scholarship offered by the Social Welfare Department. NISH shall provide assistance to students in applying for scholarships.

**10.10.** Refund of the admission fee shall be done as per University norms.

**10.11.** **Admission of candidates who fail to pay the admission fee within one week from the date of admission shall stand cancelled.**

## 11. GENERAL INFORMATION

**11.1.** Candidates selected for the interview will be intimated by email/SMS. **No paper notifications will be sent through the post.**

**11.2.** If any information given in the application by the candidate is found to be false on verification at the time of the interview or even at a later stage, the candidate will forfeit his/her claim for admission and continuation in the programme.

**11.3.** Candidates should submit all the original documents for **physical verification** at the time of the interview as per the instructions from University which will be updated on the NISH website. Failing to comply with the instructions from University, he/she will forfeit his/her claim for admission. Change of date or venue of interview or extension of time for producing originals of documents shall be allowed only as per University instructions.

**11.4.** Candidates who do not take admission on the prescribed date will lose their allotment. They will not be considered for admission further under any circumstance.

**11.5.** Any change in the process will be updated on the NISH Website.

## 12. GENERAL CODE OF CONDUCT

**12.1.** All the candidates admitted to the degree programme at NISH will abide by the rules and regulations issued from time to time by the Executive Director, NISH.

**12.2.** Ragging in any form is strictly forbidden inside the campus. A Zero-Tolerance Policy is implemented and any such case will be reported to the police immediately.

**12.3.** A policy document is available regarding the prevention of sexual harassment on campus. The Internal Complaints Committee, NISH (ICC-NISH) is in operation on campus to oversee the implementation of the policy. All complaints will be addressed immediately.

**12.4.** Smoking, consumption of alcohol, and use of illegal drugs in any form are strictly prohibited within the campus. Violators will be dealt with immediately and appropriate disciplinary action will be taken.

**12.5.** Students are required to maintain the buildings and campus clean and equipment should be handled with care. If any damage to the building or equipment is made, the cost will be recovered from the person responsible.

**12.6.** Students' entry into classrooms or labs after the commencement of a session will not be entertained nor shall they be allowed to leave the session without the permission of the faculty in charge.

**12.7.** Every student will be issued an Identity Card, which must be worn around the neck using the tag provided. This is applicable at all times when the student is on campus. If the card is lost or damaged, duplicate cards will be issued on payment of additional fees.

**12.8.** Leave of absence will be granted only on medical grounds. Only such leaves will be considered for the purpose of granting relaxation of minimum attendance requirements.

## 13. EVALUATIONS, EXAMINATIONS AND ISSUING OF DEGREE

**13.1.** The admitted candidates will be evaluated and graded continuously throughout each semester. Apart from this, there will be an end-semester examination at the end of each semester. The grading obtained in the continuous evaluations and end-semester examination will be considered for the final grading of a semester.

**13.2.** **Preparatory Year:** *The first year is the Preparatory Year and has two semesters. Only students who secure a pass in the first and second semesters shall be eligible to register for the third semester. A Student must pass the Preparatory Year (mandatory pass required) in a maximum of two successive attempts failing which the student will be required to discontinue the Degree programme. However, the performance in the Preparatory Semesters shall not be considered in the final grading of the students for the issue of the Degree.*

**13.3.** **B.Sc. (Computer Science) (HI):** The students shall be evaluated continuously throughout each semester. The evaluation for a course/subject shall involve – (1) Continuous Assessment (CA) and (2) End-Semester Examination (ESE). Three Continuous Assessments shall be conducted for each course/subject. The best two out of the three marks shall be considered for consolidating the CA. There shall be a final examination in each theory and lab course/subject at the end of every semester. Semester examinations for the odd semesters, viz., the third, fifth and seventh semesters will be conducted by the Head of the Institution/Principal of the College, the marks of which will be recorded in the consolidated mark list issued to the candidate on completion of the programme. In the even semesters, i.e., the fourth, sixth and eighth semesters, the University of Kerala will conduct the semester examinations. The students shall be required to earn a minimum of 120 Credits for the award of the Degree.

**13.4.** **Bachelor of Commerce (HI):** The students shall be evaluated continuously throughout each semester. The evaluation for a course/subject shall involve – (1) Continuous Assessment (CA) and (2) End Semester Examination (ESE). Three Continuous

Assessments shall be conducted for each course/Subject. The best two out of the three marks shall be considered for consolidating CA. There shall be a final examination in each theory and lab course/subject at the end of every semester. Semester examinations for the odd semesters, viz., the third, fifth and seventh semesters will be conducted by the Head of the Institution/Principal of the College, the marks of which will be recorded in the consolidated mark list issued to the candidate on completion of the programme. For the even semesters, i.e., the fourth, sixth and eighth semesters, the University of Kerala will conduct the semester examinations. The students shall be required to earn a minimum of 120 Credits for the award of the Degree.


**13.5.** **Bachelor of Fine Arts (HI):** There will be two internal assessments (IA) in each semester for each course/subject. The University will conduct the even semester examinations, viz; the fourth, sixth, eighth and tenth semesters. Semester examinations for the odd semesters - third, fifth, seventh and ninth - will be conducted by the Head of the Institution/Principal of the College. The marks received by the students will be recorded in the consolidated mark list issued to the student upon completion of the programme.

**13.6.** The University of Kerala will award the Degree after the student has successfully passed the programme.


**13.7.** **Any other details not specifically covered by the above clauses will be decided by the Executive Director, NISH, and the decision shall stand final.**

## 14. STEPS TO PAY FEES THROUGH THE ONLINE GATEWAY


**STEP 1**: VISIT NISH WEBSITE www.nish.ac.in





**STEP 2**: CLICK "PAY ONLINE"




**STEP 3**: SELECT THE APPLICATION FEE/ COURSE FEE





**STEP 4**: ENTER THE REQUIRED FIELDS




**STEP 5**: CLICK THE SQUARE BOX





**STEP 6**: CLICK " MAKE PAYMENT "





**STEP 7**: ENTER THE CREDIT/DEBIT CARD NUMBER, MONTH & YEAR OF EXPIRY


AND CVV





**STEP 8**: CLICK “MAKE PAYMENT”




**STEP 9**: ENTER ONE TIME PASSWORD (OTP)




**STEP 10**: CLICK “MAKE PAYMENT”




*** In case of any discrepancy in the prospectus, the English version would be considered final.**

……….